പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2693 — 21/06/2012 ൽ മറുപടിയ്ക്ക്

**പെരുമ്പെട്ടി വില്ലേജിലെ വലിയകാവ് റിസർവ്വ് ഫോറസ്റ്റ് ഉൾപ്പെടുന്ന വനഭൂമി സാംബന്ധിച്ച കേസ്**

ചോദ്യം — മറുപടി

ശ്രീ. രാജു എബ്രഹാം:

ശ്രീ. അടൂർ പ്രകാശ്
(റവന്യൂവും കയറും വകുപ്പ് മന്ത്രി)

(എ) പെരുമ്പെട്ടി വില്ലേജിലുൾപ്പെടുന്നതും, വലിയകാവ് റിസർവ്വ് ഫോറസ്റ്റിലുൾപ്പെടുന്നതുമായ 80.69 ഏക്കർ വനഭൂമി, റവന്യൂ വകുപ്പിന്റേത് ആണെന്നും പ്രസ്തുത സ്ഥലം സ്വകാര്യ വ്യക്തിക്ക് അവകാശപ്പെട്ടതാണെന്നും, സ്ഥലം ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റ് അനധികൃതമായി കൈവശം വച്ചിരിക്കുകയുമാണെന്ന് അക്കാലയളവിലെ മല്ലപ്പള്ളി തഹസീൽദാരും, താലൂക്ക് സർവ്വേയറും നൽകിയ റിപ്പോർട്ട് സർക്കാർ അംഗീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത റിപ്പോർട്ട് നൽകിയ ഉദ്യോഗസ്ഥരുടെ മേൽ എന്തൊക്കെ ശിക്ഷാ നടപടികളാണ് സ്വീകരിച്ചത് എന്ന് വിശദമാക്കാമോ; തെറ്റായ റിപ്പോർട്ട് നൽകി വനം മാഫിയകളെ സഹായിച്ച ഈ ഉദ്യോഗസ്ഥരെ തിരികെ സർവ്വീസിൽ പ്രവേശിപ്പിച്ചുവോ; എന്നു മുതൽ ഇവരെ തിരികെ ജോലിയിൽ പ്രവേശിപ്പിച്ചു എന്നു വ്യക്തമാക്കാമോ; ഉത്തരവുകളുടെ പകർപ്പ് നൽകാമോ;

(എ) മല്ലപ്പള്ളി തഹസീൽദാർ, താലൂക്ക് സർവെയർ എന്നിവർ നൽകിയ റിപ്പോർട്ട് സർക്കാർ അംഗീകരിച്ചിട്ടില്ല. 16/09/2010 ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 4490/2010/റവന്യൂ പ്രകാരം മല്ലപ്പള്ളി തഹസീൽദാർ ആയിരുന്നതും ടി ഉത്തരവു പുറപ്പെടുവിച്ച അവസരത്തിൽ പത്തനംതിട്ട ആർ.ആർ. ഡെപ്യൂട്ടി കളക്ടർ ആയിരുന്നതുമായ ശ്രീ.കെ.പി. ശശിധരൻ നായരെയും, മല്ലപ്പള്ളി താലൂക്ക് സർവെയർ ആയിരുന്ന ശ്രീ. എം.കെ. മുരളീധരൻ ഉണ്ണിത്താനെയും സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തിരുന്നു. ശ്രീ. കെ. വി. ശശിധരൻ നായരെ 06/06/2011 ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 2462/11/റവന്യൂ പ്രകാരവും ശ്രീ. എം. കെ. മുരളീധരൻ ഉണ്ണിത്താനെ 05/07/2011 ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 2891/11/റവന്യൂ പ്രകാരവും സർവ്വീസിൽ പുനഃപ്രവേശിപ്പിച്ച് ഉത്തരവായിട്ടുണ്ട് ശ്രീ.കെ.പി.ശശിധരൻ നായർക്കെതിരെയുണ്ടായിരുന്ന അച്ചടക്ക നടപടി ടിയാന്റെ രണ്ട് വാർഷിക ശമ്പള വർദ്ധനവ് സഞ്ചിത ഫലത്തോടു കൂടിയല്ലാതെ തടഞ്ഞ് 07/02/2012 ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 645/12/റവന്യൂ പ്രകാരം തീർപ്പു കൽപ്പിച്ച് ഉത്തരവായിട്ടുണ്ട്. (പകർപ്പുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്)

(ബി) ഇതേക്കുറിച്ച് തുടരന്വേഷണം നടത്തിയത് ആരാണ്; പ്രസ്തുത തുടരന്വേഷണ റിപ്പോർട്ട് സമർപ്പിച്ചിരുന്നുവോ; റിപ്പോർട്ടിലെ ഉള്ളടക്കവും, കണ്ടെത്തലുകളും വിശദമാക്കാമോ;

(ബി) 16/09/2010 ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 4490/10/റവന്യൂ പ്രകാരം ജോയിന്റ് ലാന്റ് റവന്യൂ കമ്മീഷണറെ അന്വേഷണ ഉദ്യോഗസ്ഥനായി സർക്കാർ നിയമിച്ചിരുന്നു. അപ്രകാരം ജോയിന്റ് ലാന്റ് റവന്യൂ കമ്മീഷണർ അന്വേഷണ റിപ്പോർട്ട്

സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. മേൽ അന്വേഷണ റിപ്പോർട്ടിൽ പരാതി നിരസിക്കണമെന്ന ജില്ലാ കളക്ടറുടെ ഉത്തരവ് മറി കടന്ന് തഹസീൽദാർ ഭൂമി സർവെ നടത്തുന്നതിന് താലൂക്ക് സർവെയറോട് നിർദ്ദേശിച്ചതായും, യഥാർത്ഥ റിക്കാർഡുകൾ മറികടന്ന് താലൂക്ക് സർവെയർ തെറ്റായ റിപ്പോർട്ട് തയ്യാറാക്കി സമർപ്പിച്ചതായും കണ്ടെത്തി.

(സി) ഇതു സംബന്ധിച്ച് ബഹു. ഹൈക്കോടതിയിൽ ഏതെങ്കിലും കേസുകളുണ്ടായിരുന്നോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; കോടതി സസ്പെൻഷൻ ഉത്തരവ് ശരി വെക്കുകയും 4 മാസത്തിനകം തുടരന്വേഷണ റിപ്പോർട്ട് നൽകുകയും ചെയ്യണമെന്ന് ഉത്തരവിട്ടിരുന്നോ;

(സി) ഇതു സംബന്ധിച്ച് ഹൈക്കോടതിയിൽ ശ്രീ. കെ.പി.ശശിധരൻ നായർ WP (C) No 28278/10 നമ്പരായും ശ്രീ. എം.കെ.മുരളീധരൻ ഉണ്ണിത്താൻ WP (C) No 29289/10 നമ്പരായും ബഹു. ഹൈക്കോടതിയിൽ കേസുകൾ ഫയൽ ചെയ്തിരുന്നു. ആർ.പി. നമ്പർ 971/10 & CCC No 1215/2010 എന്നിവയിൽ 01/11/2010 ലുണ്ടായ വിധിന്യായം അനുസരിച്ച് ടിയാന്മാർക്കെതിരെ സ്വീകരിച്ച സസ്പെൻഷൻ നടപടികൾ തെറ്റില്ല എന്ന് ബഹു. ഹൈക്കോടതി നിരീക്ഷിക്കുകയും ഈ വിഷയത്തിൽ ടിയാന്മാർക്കെതിരെയുള്ള അച്ചടക്ക നടപടി 4 മാസത്തിനുള്ളിൽ പൂർത്തിയാക്കുന്നതിന് സർക്കാരിന് നിർദ്ദേശം നൽകി ഉത്തരവാകുകയും ചെയ്തിരുന്നു.

(ഡി) ഇതനുസരിച്ച് റിപ്പോർട്ട് ബഹു. ഹൈക്കോടതിക്ക് നൽകിയിട്ടുണ്ടോ; എങ്കിൽ എന്നാണ് നൽകിയത്; ഇതിന്റെയടിസ്ഥാനത്തിൽ കോടതി എന്ത് ഉത്തരവാണ് നൽകിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(ഡി) റിപ്പോർട്ട് സമർപ്പിക്കുന്നതിന് ബഹു. ഹൈക്കോടതി ആവശ്യപ്പെട്ടിട്ടില്ല.

(ഇ) റിപ്പോർട്ട് ഇതേവരെ കോടതിക്ക് നൽകിയിട്ടില്ലെങ്കിൽ അത് എന്തുകൊണ്ട് എന്നു വ്യക്തമാക്കാമോ; എന്നത്തേക്ക് ഈ റിപ്പോർട്ട് നൽകാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

(ഇ) ബാധകമല്ല.

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**